ജന്മഭൂമി
30 November 2017

# വിന്റർ സ്കൂൾ നാളെ തുടങ്ങും

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തുന്ന വിന്റർ സ്കൂൾ നാളെ തുടങ്ങും. ഉപഗ്രഹ സാങ്കേതികവിദ്യ മത്സ്യമേഖലയുടെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് 21 ദിവസം നീണ്ടു നിൽക്കുന്ന വിന്റർ സ്കൂൾ നടക്കുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അധ്യാപകരുമായ 25 പേർക്കാണ് സിഎംഎഫ്ആർഐ പരിശീലനം നൽകുന്നത്. ഉപഗ്രഹ-റിമോട്ട് സെൻസിംഗ് വിവരങ്ങൾ മത്സ്യമേഖലയിൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് വിന്റർ സ്കൂളിൽ പ്രായോഗിക പരിശീലനം നൽകും. മറൈൻ ഒപ്റ്റിക്സ്, വിവിധ പരിസ്ഥിതി സൗഹൃദ മോഡലിംഗുകൾ തുടങ്ങിയ മേഖലകളിലും പരിശീലനം നൽകും. ഐഎസ്ആർഒയിലെ വിദഗ്ധർ, സമുദ്ര ശാസ്ത്രജ്ഞർ തുടങ്ങിയവരാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.